**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1061** **11-02-2025 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടിയിലെ ജൽജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷന്റെ പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | (എ) | കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷന്റെ പുരോഗതി പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ജൽജീവൻ മിഷന് വേണ്ടി റോഡിൽ കുഴിച്ച കുഴികൾ പൂർവസ്ഥിതിയിലാക്കുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും ഈ പ്രവർത്തനം മഴക്കാലത്തിന് മുമ്പ് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ? | (ബി) | മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതികൾക്കായി മുറിക്കുന്ന റോഡുകളുടെ പുനഃസ്ഥാപനം പ്രവർത്തികളുടെ ടെൻഡറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുറിക്കുന്ന റോഡുകൾ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന കരാറുകാരൻ തന്നെ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടുന്ന രീതിയിലാണ് കരാർ നൽകിയിട്ടുള്ളത്. കരാർ പ്രകാരം റോഡ് പുനഃസ്ഥാപന പ്രവർത്തികൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. പൈപ്പുകൾ സ്ഥാപിക്കുന്നതിനായി മുറിച്ച പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി ഗതാഗത യോഗ്യമാക്കുന്നത് പ്രവർത്തി ഏറ്റെടുത്ത് കരാറുകാർ മുഖേന ചെയ്തുവരുന്നു. കുറ്റ്യാടി മണ്ഡലത്തിൽ ഉൾപ്പെട്ട കുന്നുമ്മൽ പഞ്ചായത്തിലെ റോഡുകൾ പൂർവസ്ഥിതിയിൽ ആക്കേണ്ട പ്രവർത്തി പൂർത്തീകരിച്ചു. കുറ്റ്യാടി, വില്യാപ്പള്ളി, മണിയൂർ, ആയഞ്ചേരി, തിരുവള്ളൂർ, പുറമേരി എന്നീ പഞ്ചായത്തുകളിലെ പഞ്ചായത്ത് റോഡുകൾ പൂർവസ്ഥിതിയിൽ ആക്കേണ്ടുന്ന പ്രവർത്തികൾ ആരംഭിച്ചു. മഴക്കാലത്തിനു മുൻപ് പ്രവർത്തികൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പഞ്ചായത്ത് | ആകെ വീടുകളുടെ എണ്ണം | ജെ.ജെ.എം. ന മുൻപ് നൽകിയ കണക്ഷനു കളുടെ എണ്ണം | ജെ.ജെ.എം. ഇൽ ഇതുവരെ നൽകിയ കണക്ഷനുകൾ | ആകെ നൽകിയ കണക്ഷനുകൾ | ഇനി നൽകാനുള്ളത് |
|---|---|---|---|---|---|---|
| 1 | ആയഞ്ചേരി | 7063 | 1598 | 49 | 1647 | 5416 |
| 2 | കുന്നുമ്മൽ | 5130 | 1114 | 4016 | 5130 | 0 |
| 3 | കുറ്റ്യാടി | 4441 | 850 | 2155 | 3005 | 1436 |
| 4 | മണിയൂർ | 10470 | 3305 | 0 | 3305 | 7165 |
| 5 | പുറമേരി | 7358 | 2121 | 92 | 2213 | 5145 |
| 6 | തിരുവള്ളൂർ | 8739 | 39 | 0 | 39 | 8700 |
| 7 | വേളം | 7083 | 290 | 284 | 574 | 6509 |
| 8 | വില്യാപ്പള്ളി | 9082 | 1281 | 232 | 1513 | 7569 |
| ആകെ | | **59366** | **10598** | **6828** | **17426** | **41940** |